പത്തനംതിട്ട ജില്ലയിലെ പമ്പ് ഓപ്പറേറ്റർമാരുടെ വേതനം

59 [3312] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പമ്പ് ഓപ്പറേറ്റർമാരായി പണിയെടുക്കുന്ന ഡെയ്‌ലി വേജുകാർക്ക് തുച്ഛമായ പ്രതിഫലമാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് മാന്യമായ പ്രതിഫലം നൽകാൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) പത്തനംതിട്ട ജില്ലയിൽ വാട്ടർ അതോറിറ്റിയിൽ ഡെയ്‌ലി വേജസ് വ്യവസ്ഥയിൽ ആരുംതന്നെ പണിയെടുക്കുന്നില്ല. എന്നാൽ കോൺട്രാക്ടർമാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികളെക്കൊണ്ട് പമ്പ് ഓപ്പറേറ്റിംഗ് പണി ചെയ്യിക്കുമ്പോൾ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം ഒരാൾക്ക് 135 രൂപ നിരക്കിൽ കോൺട്രാക്ടർ മുഖേന പ്രതിഫലം നൽകുന്നു.

കോഴിക്കോട് ജില്ലയിലെ കേരള പ്രിമോ പൈപ്പിന്റെ സ്ഥലം അന്യാധീനപ്പെട്ടുപോകാതിരിക്കാൻ നടപടി

60 [3314] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്ത് പുത്തൂരിലുള്ള കേരള പ്രിമോ പൈപ്പിന്റെ സ്ഥലം അന്യാധീനപ്പെട്ടുപോകാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനുവേണ്ടി എന്ത് സെക്യൂരിറ്റി സംവിധാനമാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) കോഴിക്കോടും സമീപ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിക്കുള്ള ജപ്പാൻ കുടിവെള്ള പദ്ധതിക്കാവശ്യമായ സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിന് ഈ സ്ഥലം പ്രയോജനപ്പെടുത്തുന്നതുസംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിലുള്ള കേരള പ്രിമോ പൈപ്പ് ഫാക്ടറിയുടെ ഉടമസ്ഥതയിലുള്ള രണ്ടേകാൽ ഏക്കർ സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. മറ്റ് സെക്യൂരിറ്റി സംവിധാനം ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

(ബി) ഇക്കാര്യം തൽക്കാലം പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly